"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനക്ഷമത വിലയിരുത്തൽ - വിവര ശേഖരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2498/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

---

പരാമർശം:- (1) സ.ഉ.(സാധാ.)നം. 1844/2024/LSGD തീയതി.

(2) ജൈവ മാലിന്യം - ഗാർഹിക കമ്മ്യൂണിറ്റി സംവിധാനങ്ങളുടെ പ്രവർത്തനാവസ്ഥ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 07.12.2024-ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സൂചന പ്രകാരം പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നു വരുന്നു. ഇതിൽ ജൈവമാലിന്യ സംസ്കരണം 100% ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ഇടപെടലും ക്യാമ്പയിൻ കാലഘട്ടത്തിൽ നടക്കുന്നുണ്ട്. ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനക്ഷമതയും വ്യാപനവും വിലയിരുത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജൈവമാലിന്യ പരിപാലനത്തിൽ പരമാവധി ഉറവിടം സംസ്കരണം ഉറപ്പാക്കുന്നതിനും അതിനു കഴിയാതെ വരുന്നിടങ്ങളിൽ സാമൂഹ്യ തലത്തിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുന്നതിനുമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നത്. ഉറവിട സംസ്കരണ ഉപാധികളുടെ ലഭ്യത, ആവശ്യമായ ഇനോക്കുലം യഥാസമയം ലഭ്യമാക്കൽ, കമ്പോസ്റ്റ് വളം ആവശ്യമില്ലാത്തവരിൽ നിന്നും ശേഖരിക്കുന്നതിനുള്ള ക്രമീകരണം തുടങ്ങിയ സേവനങ്ങൾ കൂടി ലഭ്യമാക്കാൻ കഴിയണം. ഈ ആവശ്യങ്ങൾ പരിഗണിച്ച് ഇനോക്കുലം നിർമ്മാണം-വിതരണം, കമ്പോസ്റ്റ വളം തിരിച്ചെടുത്ത് ആവശ്യക്കാർക്ക് ലഭ്യമാക്കൽ, ഉപാധികൾക്ക് ഉണ്ടാകാവുന്ന കേടുപാടുകൾ യഥാസമയം പരിഹരിക്കൽ എന്നിവ സംയോജിപ്പിച്ച് ഇതിലേക്ക് കുടുംബശ്രീ സംരഭ വികസനം ആസൂത്രണം ചെയ്യുന്ന കാര്യവും പരിഗണനയിലുണ്ട്. മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിന്റെ മുന്നോടിയായി മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യ സംസ്കരണ സംവിധാനത്തിന്റെ സ്ഥിതിവിവരം തിട്ടപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്കായി ജൈവമാലിന്യ സംസ്കരണത്തിനായി വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ച വിവരം ശേഖരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്ലിക്കേഷൻ മുഖേനയാണ് വിവരശേഖരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിവരശേഖരണത്തിനൊപ്പം ഇനിയും ഹരിതമിത്രം ആപ്പിളിക്കേഷനിൽ പേര് രജിസ്റ്റർ ചെയ്യാത്ത വീടുകളേയും സ്ഥാപനങ്ങളേയും ഇതോടൊപ്പം ഹരിത മിത്രത്തിൽ എൻറോൾ ചെയ്യുകയും

വേണം. ഇത് ഹരിതകർമസേനയും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ പ്രതിനിധികളും ചേർന്ന് തദ്ദേശസ്വയം ഭരണസ്ഥപനത്തിന്റെ നേതൃത്വത്തിലാണ് വിവര ശേഖരണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

1. ജൈവ മാലിന്യം - ഉറവിട സംസ്കരണ ഉപാധികളുടെ വിവരശേഖരണവും ഹരിതമിത്രം എൻറോൾമെന്റും :

- ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ അവസ്ഥാപഠനവും ഹരിതമിത്രം എൻറോൾമെന്റും 100% എത്തിക്കുന്നതിന് ഒരു സമയബന്ധിത പ്രവർത്തനം ആവിഷ്കരിച്ചിരിക്കുന്നു. ഇത് യഥാസമയം പൂർത്തിയാക്കുന്നതിനായി PD, IKM, SM, കുടുംബശ്രീ മിഷൻ ചുമതലക്കാർ ഒരു പ്രത്യേക ടാക്സ് ഫോഴ്സായി വിവര ശേഖരണ കാലഘട്ടത്തിൽ പ്രവർത്തിക്കേണ്ടതാണ്. സർവ്വേ നടത്തിപ്പ് കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറും ഹരിതമിത്രം അപ്ലിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സർവെയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മറ്റു സാങ്കേതിക സഹായങ്ങളും ശുചിത്വ മിഷനും നിർവഹിക്കേണ്ടതാണ്. ജില്ലാതലത്തിലും JD യുടെ നേതൃത്വത്തിൽ ഈ ഏജൻസികളുടെ ജില്ലാ മേധാവികൾ ഉൾപ്പെടുന്ന ടീം രൂപീകരിച്ച് പ്രവർത്തനം യഥാസമയം പൂർത്തിയാക്കുമെന്ന് JD ഉറപ്പാക്കേണ്ടതാണ്.

- വിവര ശേഖരണം ആരംഭിക്കുന്നതിന് മുന്നോടിയായി തദേശസ്വയം ഭരണ സ്ഥാപന അധ്യക്ഷന്റെ നേതൃത്വത്തിൽ, ജനപ്രതിനിധികൾ, CDS, HKS, റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവരുടെ പ്രത്യേക യോഗം ചേർന്ന് പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

- ഓരോ വാർഡിലും 2-3 ടീമുകൾ രൂപീകരിക്കണം. ഓരോ ടീമിലും ഒരു ഹരിതകർമ്മ സേനയും കുടുംബശ്രീ ADS/ CDS/ ഓക്സിലറി ഗ്രൂപ്പ് എന്നിവയിൽ നിന്നും 2-3 പ്രതിനിധികൾ വീതം ഉൾക്കൊള്ളുന്ന 4-5 അംഗങ്ങളുള്ള 2-3 ടീമായിരിക്കണം രൂപീകരിക്കേണ്ടത്. വാർഡിലെ മൊത്തം വീടുകൾ / സ്ഥാപനങ്ങളെ ഈ ടീമുകൾക്കായി വീതിച്ചു നൽകണം.

- ഓരോ ടീമും വാർഡിലെ എല്ലാ വീടുകളും സ്ഥാപനങ്ങളും ഉറപ്പായും സന്ദർശിക്കുകയും ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് വീടിലെ/സ്ഥാപനത്തിലെ ജൈവമാലിന്യ സംവിധാനം, സംവിധാനത്തിന്റെ പ്രവർത്തനാവസ്ഥ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ശുചിത്വ മിഷൻ തയ്യാറാക്കുന്ന പ്രവർത്തനമാർഗ്ഗരേഖ അനുസരിച്ചായിരിക്കണം സർവേ പൂർത്തിയാക്കേണ്ടത്.

- ഇനിയും ഹരിതമിത്രം ആപ്ളിക്കേഷനിൽ എൻറോൾ ചെയ്യാത്ത വീടുകൾ/സ്ഥാപനങ്ങൾ ഈ കണക്കെടുപ്പിന്റെ ഭാഗമായി എൻറോൾ ചെയ്യേണ്ടതാണ്. ഹരിത മിത്രത്തിൽ എൻറോൾ ചെയ്യാത്ത വീടുകളുടേയും സ്ഥാപനങ്ങളുടെയും ലിസ്റ്റും , ഇതിലേക്ക് ആവശ്യമായ QR കോഡ് പ്രിന്റ് ചെയ്തു നൽകുന്നതിനുമുള്ള ചുമതല തദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും. QR കോഡ് പ്രിന്റ് ചെയ്യുന്ന ചിലവ് അതാത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

- 2025 ജനുവരി 6 മുതൽ 12 വരെ യുള്ള സമയത്തിനുള്ളിൽ വിവര ശേഖരണം പൂർത്തിയാക്കണം.

- കണക്കെടുപ്പ് നടത്തുന്ന ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിലെ വാതിൽപ്പടിശേഖരണം വിവരശേഖരണത്തിനു ശേഷമുള്ള ദിവസങ്ങളിൽ നടത്താൻ കഴിയുന്ന തരത്തിൽ ക്രമീകരിക്കേണ്ടതാണ്. വാതിൽപ്പടി ശേഖരണം, മാലിന്യനീക്കം എന്നിവയെ ബാധിക്കാത്ത രീതിയിൽ വിവരശേഖരണം ക്രമീകരിക്കാൻ ശ്രദ്ധിക്കണം.

- കണക്കെടുപ്പിനായി ഭവന സന്ദർശനം നടത്തുന്ന ടീമുകൾക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്പോൺസർഷിപ്പ്, തനതു ഫണ്ട് എന്നിവ വഴി നൽകുന്നതിനായുള്ള ക്രമീകരണങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. വീടുകളുടെ എണ്ണത്തിനനുസരിച്ച ആവശ്യമായ യഥാർത്ഥ തുക ഇതിനായി വിനിയോഗിക്കാവുന്നതാണ്.

2. തയ്യാറെടുപ്പുകൾ

- ഹരിതമിത്രം ആപ്ലിക്കേഷനിൽ ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ കണക്കെടുപ്പ് നടത്തുന്നതിനാവശ്യമായ software നവീകരണം ഐ.കെ.എം-ന്റെ നേതൃത്വത്തിൽ 2024 ഡിസംബർ 19-നു മുൻപായി ചെയ്യേണ്ടതാണ്.

- ഹരിത മിത്രം ആപ്പ്ളിക്കേഷൻ ഉപയോഗിച്ച് ജൈവ മാലിന്യ ഉപാധികളുടെ സർവ്വേ, ഹരിതമിത്രം എൻറോൾമെന്റ് എന്നിവ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ ശുചിത്വമിഷൻ, ഐ.കെ.എം എന്നിവയുടെ നേതൃത്വത്തിൽ ഡിസംബർ 19-ന് മുമ്പ് തയ്യാറാക്കേണ്ടതാണ്.

- വിവര ശേഖരണ മാർഗനിർദേശങ്ങളുടെ കോപ്പികൾ കണക്കെടുപ്പ് നടത്തുന്നവർക്ക് നൽകുന്നതിനുള്ള ക്രമീകരണം ശുചിത്വമിഷനും, കുടുംബശ്രീ മിഷനും ചേർന്ന് ചെയ്യേണ്ടതാണ്.

- ഈ പ്രവർത്തനം ഒരു വൻ ജനകീയ ക്യാമ്പയിൻ ആക്കി മാറ്റുന്നതിനുള്ള വിശദമായ ആക്ഷൻപ്ലാൻ 2024 ഡിസംബർ 20 നുള്ളിൽ കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. സംസ്ഥാന- ജില്ലാ - തദേശസ്ഥാപനം - വാർഡു തലത്തിലും ഈ വിവരണ പ്രവർത്തനത്തിന് ശ്രദ്ധ കിട്ടുന്ന തരത്തിൽ ഉദ്ഘാടനത്തോടെ വിവരശേഖരണം ആരംഭിക്കാൻ കഴിയണം. ഇതിനാവശ്യമായ സംഘാടന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതാണ്.

- കണക്കെടുപ്പ് നടത്തുന്ന ഹരിതകർമ്മ സേന, കുടുംബശ്രീ ADS അംഗങ്ങൾ, കുടുംബശ്രീ ഒക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായുള്ള പരിശീലനം ഐ.കെ.എം, കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിൽ തദേശസ്വയംഭരണ സ്ഥാപന തലത്തിൽ നൽകേണ്ടതാണ്. ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റിനേയും പ്രവർത്തന

പരിചയം ആർജ്ജിച്ച ഹരിതകർമ്മസേനാ അംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ് / Young Professional തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പരിശീലനം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണം. പരിശീലന ദിവസം വേണ്ടി വരുന്ന റിഫ്രഷർമെന്റെ ചിലവുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.

- എൻറോൾമെന്റ് നടത്താത്ത വീടുകളുടെ/സ്ഥാപനങ്ങളുടെ എൻറോൾമെൻറ് നടത്തുന്നതിനു ആവശ്യമായ വിവരങ്ങൾ (സങ്കേതം software-ലെ വിവരങ്ങൾ പ്രകാരം ഹരിതമിത്രംത്തിൽ കുറവുള്ള വീടുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ കണക്ക്) ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് എടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്. ഇത് പ്രകാരം QR കോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ചിലവിൽ തയ്യാറാക്കേണ്ടതാണ്.

- ഈ ക്യാമ്പയിൻ ഫലപ്രദമായി നടപ്പിലാക്കുന്നതിനായുള്ള പ്രത്യേക IEC പ്രവർത്തനങ്ങൾ ശുചിത്വമിഷൻ, KSWMP, കുടുംബശ്രീ, ഐ.കെ.എം. എന്നിവയുടെ നേതൃത്വത്തിൽ സംയുകതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

3. സമയപരിധി

- 2025 ജനുവരി 6 മുതൽ 12 വരെ ഒരാഴ്ച നീണ്ടുനില്ക്കുന്ന ക്യാമ്പയിൻ പ്രവർത്തനമായി കണക്കെടുപ്പ് പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ ജനറൽ, കില.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ക്യാമ്പയിൻ സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 19-12-2024 16:51:15

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്